# അല്ലാഹുവിന്റെ ഷയല്‍വാനില്‍നിന്ന് ഖുര്‍ആന്‍ പഠിക്കുക

رَبَّنَا وَابْعَثْ فِيهِمْ رَسُولًا مِّنْهُمْ يَتْلُوا
عَلَيْهِمْ آيَاتِكَ وَيُعَلِّمُهُمُ الْكِتَابَ
وَالْحِكْمَةَ وَيُزَكِّيهِمْ ۚ إِنَّكَ أَنتَ
الْعَزِيزُ الْحَكِيمُ ﴿١٣٠﴾

**ക**ഴിഞ്ഞ ഖുത്ബയില്‍ വഖ്ഫെ ജദീദിന്റെ പുതുവര്‍ഷ പ്രഖ്യാപനം നടത്തേണ്ടിവന്ന കാരണത്താല്‍ ഈ വചനത്തിലെ വിഷയം തുടരാന്‍ കഴിഞ്ഞിരുന്നില്ല. ഇന്ന് ഞാന്‍ വീണ്ടും ഈ വചനത്തിലെ വിഷയത്തിലേക്ക് മടങ്ങുകയാണ്. ഈ വചനത്തില്‍ ഹദ്റത്ത് ഇബ്റാഹീം (അ) ചെയ്ത പ്രാര്‍ത്ഥനയാണ് പറഞ്ഞിട്ടുള്ളത്.

***യത്‌ലൂ അലയ്ഹിം ആയാത്തിക്ക*** എന്ന ആദ്യം ചെയ്ത ദുആയെക്കുറിച്ച് വിവരിച്ചുകഴിഞ്ഞതാണ്. ഇനിയുള്ളത് ***യുഅല്ലിമുഹുമുല്‍ കിതാബ വല്‍ഹിക്മത്ത വ യുസക്കീഹിം*** എന്നഭാഗമാണ്. അതായത്, അവരെ ഗ്രന്ഥവും അതിന്റെ തത്ത്വശാസ്ത്രവും പഠിപ്പിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുക. ഹദ്റത്ത് ഇബ്റാഹീം(അ) ഞാന്‍ പറഞ്ഞതുപോലെ ഇങ്ങനെ പ്രാര്‍ത്ഥിച്ചു. ഈ മഹാനായ ദൂതനില്‍ നീ ഇറക്കുന്ന വചനം അദ്ദേഹം ജനങ്ങള്‍ക്ക് ഓതിക്കേള്‍പ്പിക്കുന്നതാണ്. വചനം ഓതിക്കേള്‍പ്പിക്കുക എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം, ഗുണപാഠത്തിനുള്ള സംഭവങ്ങളോ ഉപദേശങ്ങളോ ശിക്ഷയെക്കുറിച്ചുള്ള വാര്‍ത്തകളോ ദൃഷ്ടാന്തങ്ങളോ വെറുതെ വായിച്ചുകേള്‍പ്പിക്കുക എന്നതല്ല. മറിച്ച്, കഴിഞ്ഞ ഖുത്ബയില്‍ ഞാന്‍ പറഞ്ഞതുപോലെ, വരുംതലമുറയ്ക്കായി നല്കപ്പെടാന്‍ പോകുന്ന മാതൃക ഒരു പാഠമാണ്. ഇബ്റാഹീമിന്റെ പ്രാര്‍ത്ഥന, വരുംകാലത്തേക്കായി നിയോഗിക്കപ്പെടാന്‍ പോകുന്ന ആ മഹാനായ നബി, ബനൂഇസ്മായീലില്‍നിന്ന് നിയോഗിതനാവണമെന്നും ആ നബി അദ്ദേഹത്തിന്റെ ജീവിതകാലത്തുമാത്രം ഈ വചനങ്ങള്‍ ഓതിക്കേള്‍പ്പിക്കുന്നയാളാകരുതെന്നും അല്ലെങ്കില്‍ അദ്ദേഹത്തിന്റെ ജീവിതകാലത്തു മാത്രമുള്ള ആളുകള്‍ ഇതില്‍നിന്ന് ഫലമെടുത്താല്‍പോരെന്നും മറിച്ച്, ആ മഹാനായ നബി ഖിയാമത്തുന്നാള്‍വരേക്കുമായി നിയോഗിക്കപ്പെടണമെന്നും അദ്ദേഹത്തിന് ഈ അധ്യാപനങ്ങളെല്ലാം എഴുതപ്പെട്ടനിലയില്‍ ലഭിക്കണമെന്നും അത് ഗ്രന്ഥത്തിന്റെ രൂപത്തില്‍ കിട്ടണമെന്നും ഖിയാമത്തുന്നാള്‍വരെ ഇതനുസരിച്ച് പ്രവര്‍ത്തിക്കുന്നവര്‍ ഉണ്ടായിക്കൊണ്ടിരിക്കണമെന്നുമായിരുന്നു. ഈ പ്രാര്‍ത്ഥനയില്‍നിന്ന് മനസ്സിലാകുന്നത് ഹദ്റത്ത് ഇബ്റാഹീം(അ)ന് അല്ലാഹുവില്‍നിന്ന് അറിവ് കിട്ടിക്കഴിഞ്ഞിരുന്നുവെന്നാണ്. അതായത്, ഒരു കാലഘട്ടത്തില്‍, ഖിയാമത്തുന്നാള്‍വരെ നിലകൊള്ളേണ്ട അധ്യാപനവുമായി ഒരു നബി നിയോഗിക്കപ്പെടുമെന്ന് ഇബ്റാഹീമിന് അറിയിപ്പുകിട്ടിക്കഴിഞ്ഞിരുന്നു. അതുകൊണ്ടാണ് ആ നബി ആരിലാണോ നിയോഗിക്കപ്പെടുന്നത്, ഏതു കാലത്താണോ നിയോഗിക്കപ്പെടുന്നത്, അവരെ ഗ്രന്ഥം പഠിപ്പിക്കുന്നതിനും ഈ എല്ലാ വചനങ്ങളും ഒരുമിച്ച് ഉല്ലേഖനം ചെയ്യപ്പെട്ട നിലയില്‍ ലഭിക്കുന്നതിനും വേണ്ടി പ്രാര്‍ത്ഥിച്ചത്. യഥാര്‍ത്ഥത്തില്‍ ഈ പ്രാര്‍ത്ഥന അല്ലാഹു ഇബ്റാഹീം(അ)നെ പഠിപ്പിച്ചതാണ്. വരാന്‍ പോകുന്ന മഹാനായ പ്രവാചകന് നല്കപ്പെടുന്ന ഗ്രന്ഥം മുഴുവന്‍ എഴുതപ്പെട്ട നിലയിലായിരിക്കുമെന്ന് അല്ലാഹുവാണ് പറഞ്ഞത്. ഖിയാമത്തുന്നാള്‍വരേക്കും അതില്‍ ലവലേശം മാറ്റമുണ്ടാവുകയില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താല്‍, ഇന്ന് മുസ്‌ലിംകള്‍ക്ക് മാത്രമാണ് നബി(സ)ന്റെ വഫാത്തിനുശേഷം ലിഖിതരൂപത്തില്‍ ഈ ഗ്രന്ഥം ലഭിച്ചിട്ടുള്ളത്. പിന്നീട് വിശുദ്ധഖുര്‍ആന്റെ ഓരോ വാക്കും ഓരോ അക്ഷരവും ഹൃദിസ്ഥമാക്കിയ ഹാഫിസുമാരെ അല്ലാഹു സൃഷ്ടിച്ചു. എന്നല്ല ഇന്നും അത്തരക്കാര്‍ ജനിച്ചുകൊണ്ടേപോകുന്നു. അല്ലാഹുതആല നബി(സ) തിരുമേനി തുടക്കം കുറിച്ച അധ്യാപനം, ഗ്രന്ഥരൂപത്തിലും സുരക്ഷിതമാക്കിവച്ചു. മനുഷ്യരുടെ ബുദ്ധിയിലും മനസ്സിലും കൊത്തിവയ്ക്കുകയും ചെയ്തു.

അതിന്റെ സംരക്ഷണത്തിനുള്ള ഏര്‍പ്പാട് ചെയ്തതുപോലെ, മറ്റൊരു നബിയ്ക്കും ഇറങ്ങിയതിനെ സംരക്ഷിക്കുന്നതിനുള്ള ഏര്‍പ്പാട് ചെയ്തിട്ടില്ല. വിശുദ്ധഖുര്‍ആനല്ലാതെ മറ്റൊരു ഗ്രന്ഥത്തിനും അതിന്റെ ഓരോ വാക്കും വെളിപാടിറങ്ങിയതുപോലെ നിലനില്ക്കുന്നുവെന്ന് വാദിക്കാന്‍ സാധ്യമല്ല. അതെങ്ങനെ ഇറ

ങ്ങിയോ അതുപോലെ ആദ്യദിനം മുതൽ സുരക്ഷിതമാണെന്നുള്ളത് വിശുദ്ധഖുർആന്റെ വാദമാണ്. എന്നല്ല അതിന്റെ അകാരവും ഇകാരവും ഉകാരവു എവിടെ നിറുത്തണം, എവിടെ നിറുത്തരുത് തുടങ്ങിയവയുമൊക്കെ വ്യക്തമാക്കിക്കൊണ്ടാണ് വിശുദ്ധഖുർആനെ സംരക്ഷിക്കാനുള്ള ഏർപ്പാട് അല്ലാഹു ചെയ്തിട്ടുള്ളത്. ഇതാണ് ആ റസൂലിന്റെമേൽ ഇറങ്ങിയ ഈ ഗ്രന്ഥത്തിന്റെ സവിശേഷത. അതുസംബന്ധിച്ച് അല്ലാഹു പറഞ്ഞു: ***അൽയൗമ അക്മൽതു ലക്കും ദീനക്കും വ അത്മംതു അലയ്ക്കും നിഅ്മത്തീ വ റളീത്തു ലക്കുമുൽ ഇസ്‌ലാമാ ദീനാ***. അതായത് ഞാൻ നിങ്ങളുടെ ഗുണത്തിനുവേണ്ടി നിങ്ങളുടെ മതത്തെ പൂർണ്ണമാക്കിയിരിക്കുന്നു. നിങ്ങളുടെമേൽ നന്മകൾ പൂർത്തിയാക്കിയിരിക്കുന്നു. മതമെന്ന നിലയിൽ നിങ്ങൾക്കായി ഇസ്‌ലാമിനെ ഇഷ്ടപ്പെടുകയും ചെയ്തിരിക്കുന്നു(5:4). എല്ലാ അനുഗ്രഹങ്ങളും നിങ്ങൾക്ക് നല്കിയിരിക്കുന്നുവെന്ന വിളംബരമാണ് അല്ലാഹു വിശുദ്ധഖുർആനിൽ ചെയ്തിട്ടുള്ളത്. ഇത് ഹദ്റത്ത് ഇബ്റാഹീം(അ)ന്റെ ദുആ സ്വീകരിച്ചിരിക്കുന്നുവെന്നുള്ള വിളംബരമാണ്. അതായത് ഈ റസൂലിൽ സകലഅനുഗ്രഹങ്ങളും പൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു. എല്ലാ കല്പനകളും ഒത്തുചേർന്നിരിക്കുന്നു. എല്ലാ ചരിത്രസംഭവങ്ങളും സ്വരൂപിച്ചുപറഞ്ഞിരിക്കുന്നു. മുൻകഴിഞ്ഞ ശരീഅത്തുകളെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. ശരീഅത്തിന്റെ കല്പനകളുടെയെല്ലാം ഉന്നതമായ നിലയും വിവരിക്കപ്പെട്ടിട്ടുണ്ട്. ഇതുമുഖേന നിങ്ങളുടെ ധർമ്മശാസ്ത്രം പൂർത്തിയായിരിക്കുന്നുവെന്ന് അല്ലാഹു വിളംബരം ചെയ്തു. മുൻകഴിഞ്ഞ ഒരു ഗ്രന്ഥത്തിനും ഇതിനെ നേരിടാൻ സാധിക്കുകയില്ല. അൽകിതാബ് എന്ന് പറയാൻ അർഹതയുള്ള ഗ്രന്ഥം ഇതൊന്നുമാത്രമാണ്. ഇതാണ് വസ്തുത. വെറും ശറഇയായ കാര്യം മാത്രമല്ല, മതപരമായ കാര്യം മാത്രമല്ല, ജ്ഞാനപരവും ശാസ്ത്രപരവുമായ കാര്യങ്ങളും ഇതിൽ പറഞ്ഞിരിക്കുന്നു. അത് മുൻഗ്രന്ഥാനുസാരികൾക്ക് മനസ്സിലാകുക എന്നതുതന്നെ വിദൂരമായ കാര്യമാണ്. നബി (സ) തിരുമേനിയുടെ കാലത്തുതന്നെ അതിലെ ചില കാര്യങ്ങൾ നബി (സ)യ്ക്കല്ലാതെ മറ്റാർക്കും മനസ്സിലായിരുന്നില്ല. ഭാവിയിൽ പുലരുമെന്ന് പറഞ്ഞ കാര്യങ്ങൾ ഇക്കാലഘട്ടത്തിൽ പുലരുന്നു. ഈ ഗ്രന്ഥം 'അൽകിതാബ്' ആണെന്നുള്ളതിന്റെ നിറവാണിത്. ഇതിൽ സകല ജ്ഞാനങ്ങളും വിവരിച്ചുകൊണ്ട്, യഥാർത്ഥ സ്ഥിതിയിൽ ഇന്നുവരെ ഇതിനെ നിലനിറുത്തി. ഈ മഹാനായ റസൂലിന്റെ മേലിറങ്ങിയ ഈ മഹത്തായ ഗ്രന്ഥത്തെ താൻ സുരക്ഷിതനാക്കിവയ്ക്കുമെന്ന് അല്ലാഹു പ്രഖ്യാപിച്ചു. ഇതിന്റെ അവസ്ഥയെ മാറ്റിമറിയ്ക്കുന്നവനായി ആരുമില്ല. അവൻ പറയുന്നു: ***ഇന്നാ നഹ്നു നസ്സൽന ദിക്റ വഇനാ ലഹൂ ലഹാഫിളൂൻ***. ഈ ദിക്ർ അതായത് ഖുർആനെ നാം തന്നെയാണ് ഇറക്കിയത്. നാം തന്നെ ഇതിനെ സംരക്ഷിക്കുന്നതാണ്. ഈ സംരക്ഷണത്തിനുള്ള ഏർപ്പാട് ആദ്യദിനം മുതൽതന്നെ തുടങ്ങി. വിശുദ്ധഖുർആനിലെ എല്ലാ വചനങ്ങളും നബി(സ)ന്റെ കാലഘട്ടത്തിൽത്തന്നെ എഴുതി സുരക്ഷിതമാക്കപ്പെട്ടു. അതായത്, വിശുദ്ധഖുർആൻ സുരക്ഷിതമാക്കപ്പെട്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ആയത്തിനെ വിശദീകരിച്ചുകൊണ്ട് പറയുന്നു: "ഈ ഗ്രന്ഥത്തെ നാം തന്നെയാണ് ഇറക്കിയത്. നാം തന്നെ ഇതിനെ സംരക്ഷിക്കുന്നതുമാണ്. 1300 വർഷമായി ഈ പ്രവചനത്തിന്റെ സത്യത പുലർന്നുകൊണ്ടേയിരിക്കുന്നു. മുൻകഴിഞ്ഞ ഗ്രന്ഥങ്ങളിൽ കടന്നുകൂടിയതുപോലെ ബഹുദൈവാരാധനപരമായ ഏതെങ്കിലും പാഠങ്ങൾ ഇന്നുവരെ ഇതിൽ കലർന്നിട്ടില്ല. വരുംകാലത്തും എന്തെങ്കിലും ബഹുദൈവാരാധനപരമായ കാര്യം ഇതിൽ കലരുമെന്ന് ബുദ്ധി സമ്മതിക്കുന്നതുമില്ല. കാരണം ലക്ഷക്കണക്കിന് മുസ്‌ലിംകൾ ഇത് ഹൃദിസ്ഥമാക്കിയിരിക്കുന്നു. ഇതിന് ആയിരക്കണക്കിന് വ്യാഖ്യാനങ്ങളുണ്ട്. അഞ്ചുനേരവും ഇതിലെ വചനങ്ങൾ നമസ്കാരത്തിൽ ഓതപ്പെടുന്നു. ഓരോ ദിവസവും ഇത് പാരായണം ചെയ്യപ്പെടുന്നു. ഇപ്രകാരംതന്നെ എല്ലാ രാജ്യങ്ങളിലുമുള്ള അതിന്റെ വ്യാപനം, കോടിക്കണക്കിന് പ്രതികൾ നിലവിലുള്ള സ്ഥിതി, ഇതിലെ അധ്യാപനങ്ങളെക്കുറിച്ച് ഓരോ ജനതയ്ക്കുമുള്ള അറിവ് തുടങ്ങിയ കാര്യങ്ങളെല്ലാം വെച്ചുനോക്കുമ്പോൾ, ഭാവിയിലും ഏതെങ്കിലും തരത്തിലുള്ള കൈകടത്തലുകൾ ഇതിലുണ്ടാകുക എന്നത് അസംഭാവ്യമാണെന്ന് വിളിച്ചോതുന്നു. അതായത്, ഭാവിയിലും ഒരുതരത്തിലുള്ള കൈകടത്തലുകളും ഇതിൽ നടക്കുകയില്ല."

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇത് പറഞ്ഞിട്ട് ഇപ്പോൾ നൂറുവർഷം കടന്നുകഴിഞ്ഞിരിക്കുന്നു. ഇന്നും വിശുദ്ധഖുർആൻ സുരക്ഷിതമാക്കിവച്ചിരിക്കുന്നു. ഇതിലെന്തെങ്കിലും കൈകടത്തലുകൾ ഉണ്ടാകുമെന്ന് ബുദ്ധി സമ്മതിക്കുകയില്ലെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു. ആദിയും അനന്തവുമായ അല്ലാഹു അതുപോലെത്തന്നെയായിരിക്കും. ഇതിനെ സംരക്ഷിക്കുകയും ചെയ്യും. ഇക്കാലത്ത്, ഇതിൽ കൈകടത്താനുള്ള ശ്രമം ദജ്ജാൽ നടത്തി. പക്ഷേ, ആ പരിശ്രമങ്ങളൊന്നും വിജയിച്ചില്ല. മുമ്പേയും ഒന്നുരണ്ടു പ്രാവശ്യം ഞാൻ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണിത്. ഇതിൽ കൈകടത്തി വികലമാക്കാനുള്ള ക്രൈസ്തവരുടെ ശ്രമം വലിയൊരു ഗൂഢാലോചനയായിരുന്നു. 'ഫുർഖാനുൽഹഖ്' എന്ന പേരിലാണ് ആദ്യമായി അവർ ഇതിറക്കിയത്. സ്വന്തം നിലയിൽ കുറെ പദങ്ങൾ കൂട്ടുകയും കുറേ ഖുർആനിൽനിന്ന് എടുക്കുകയും ചെയ്തിട്ട് കുറച്ച് ആയത്തുകളും കുറച്ച് അധ്യായങ്ങളും ഉണ്ടാക്കി മുപ്പതോ മുപ്പത്തിമൂന്നോ ആണെന്നു തോന്നുന്നു, 1999-ൽ അവാഞ്ചലിക്കൽ ചർച്ച് ആദ്യമായി പ്രസിദ്ധീകരിച്ചു. വരുന്ന

മസീഹിനെക്കുറിച്ച് അറിയിക്കുന്നതിനുള്ള വ്യക്തമായ വഴി, മുസ്‌ലിംകളെ മാനസികമായി അതിന് ആദ്യമായി തയ്യാറാക്കുക എന്നതാണെന്ന് അവർ കരുതി. അങ്ങനെ 'ഫുൽഖാനുൻഹഖ്' എന്ന നാമത്തിലുള്ള ഗ്രന്ഥം പരിചയപ്പെടുത്താൻ വേണ്ടി അത് തയ്യാറാക്കുകയായിരുന്നു. അക്കാലഘട്ടത്തിലും ഈ വാർത്ത വന്നിരുന്നു; അത് വിതരണം ചെയ്യുമെന്നും കുട്ടികളെ പഠിപ്പിക്കുമെന്നുമൊക്കെപറഞ്ഞു. ഇതിനെക്കുറിച്ച് അന്വേഷിക്കാൻ ഞാൻ 'അറബി ഡസ്കി'നോട് പറഞ്ഞിരുന്നു. അവരുടെ റിപ്പോർട്ട് വന്നില്ല. അവർ വളരെ താമസിപ്പിച്ചുകളഞ്ഞു. ഇതിനെക്കുറിച്ച് അറിയേണ്ടതാണ്. കാരണം രണ്ടുവർഷം മുമ്പേ, ഈ വാർത്ത എങ്ങും പരന്നിരുന്നു. അമേരിക്കയിൽനിന്നാണ് ഇത് പ്രസിദ്ധീകരിച്ചത്.

ഇതുകൂടാതെ മാറ്റത്തിരുത്തൽ നടത്താൻ മറ്റൊരു പരിശ്രമവും ഉണ്ടായിട്ടുണ്ട്. അവർ മുസ്‌ലിംകളിൽപെട്ട ഒരു സംഘമാണ്. ശരീഅത്തിന്നെതിരെ എഴുന്നേറ്റവരും യുദ്ധത്തെക്കുറിച്ചും ജിഹാദിനെക്കുറിച്ചും പറഞ്ഞിട്ടുള്ള വചനങ്ങളെല്ലാം വിശുദ്ധഖുർആനിൽനിന്നും മാറ്റണമെന്ന് പറയുന്നവരും അങ്ങേയറ്റം ഭീരുത്വവും കാപട്യവും കാണിക്കുന്നവരുമായ സംഘമാണിവർ. അവർ പാശ്ചാത്യസമൂഹത്തെ അല്ലെങ്കിൽ ക്രിസ്ത്യാനികളെ എന്നു പറയണം സന്തോഷിപ്പിക്കാൻ ആഗ്രഹിക്കുന്നു. അവർക്ക് മതവുമായിട്ട് ഒരു ബന്ധവുമില്ല. വിശുദ്ധഖുർആനിൽ മാറ്റങ്ങൾ വരുത്തി, മുസ്‌ലിംകളുടെ ഉള്ളിൽ ഭിന്നത സൃഷ്ടിക്കുവാൻ അവർ ആഗ്രഹിക്കുന്നു. എന്തായാലും ഇതെല്ലാം ഇക്കൂട്ടരുടെ ശ്രമമാണ്. ഇത് ക്രിസ്ത്യാനികളിൽ നിന്നായാലും വേണ്ടില്ല, മുസ്‌ലിംകളെന്ന് പറഞ്ഞുകൊണ്ട് സ്വന്തം വേര് മുറിക്കാൻ നടക്കുന്നവരിൽനിന്നായാലും വേണ്ടില്ല കാപട്യം കാണിച്ചു നടക്കുന്നവരിൽനിന്നായാലും വേണ്ടില്ല, ആരിൽനിന്നായാലും അവരതിൽ വിജയിക്കുകയില്ല. അല്ലാഹു അത് വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇവർ കേവലം ഭൗതികദൃഷ്ടികൊണ്ട് അതിനെ നോക്കുന്നവരാണ്. ബൈബിളിൽ കൈകടത്തലുകൾ ഉണ്ടായതുപോലെ വിശുദ്ധഖുർആനിലും കൈകടത്തലുകൾ നടത്താൻ കഴിയുമെന്ന് അവർ കരുതുന്നു. ബൈബിളിനെക്കുറിച്ചോ മറ്റേതെങ്കിലും ഗ്രന്ഥങ്ങളെക്കുറിച്ചോ അവയെ സംരക്ഷിക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരുന്നില്ല. സംരക്ഷിക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ള ഒരേയൊരു ഗ്രന്ഥം വിശുദ്ധഖുർആനാണ്. അതിനുകാരണം, ഖിയാമത്തുന്നാൾവരേക്കുമുള്ള ആ മഹാനായ പ്രവാചകന് ഇറങ്ങിയ ഗ്രന്ഥമാണത്. അത് ഖിയാമത്തുന്നാൾവരെ നിലകൊള്ളേണ്ടതുണ്ട്. അന്യരാണെങ്കിലും സ്വന്തക്കാരാണെങ്കിലും അല്ലാഹുവിൽ വിശ്വാസമുണ്ടെങ്കിൽ കളവും ദ്രോഹവും ചെയ്യുന്നതിനു പകരം യഥാർത്ഥാവസ്ഥയിലുള്ള ഒരേയൊരു ഗ്രന്ഥം വിശുദ്ധഖുർആനാണെന്ന് കണ്ടുകൊണ്ട് ആ ഗ്രന്ഥത്തിന്റെ അധ്യാപനത്തിൽ ചിന്തിച്ചുനോക്കുകയാണ് വേണ്ടത്. ഒരുഭാഗത്ത് ഹദ്റത്ത് ഇബ്റാഹീം(അ)ന്റെ ഒരു മഹാനായ പ്രവാചകനും മഹാനായ ഗ്രന്ഥത്തിനും വേണ്ടിയുള്ള പ്രാർത്ഥന. മറുഭാഗത്ത് അല്ലാഹു ആ ദുആ സ്വീകരിച്ചു എന്നുള്ള സുവാർത്ത. ആ മഹാനായ റസൂൽ ഇപ്പോൾ ജന്മം കൊള്ളുകയും ചെയ്തു. അദ്ദേഹമാണ് ഈ ഗ്രന്ഥം പഠിപ്പിക്കുന്നത്. ഈ അധ്യാപനത്തെ പിൻപറ്റുന്നവരെ ലോകത്ത് കാണാനുമുണ്ട്. എന്നിട്ടും ഈ ശത്രുത കാണിക്കുന്നത് കണ്ണിൽ തുണികെട്ടിവെച്ചിരിക്കുന്നതുകൊണ്ടാകാനെ തരമുള്ളൂ. അല്ലെങ്കിൽ അവർക്ക് ദൈവവിശ്വാസമില്ല. അല്ലെങ്കിൽ ഇവരുടെ ഉദ്ദേശ്യം ദ്രോഹവും കുഴപ്പവും കലഹവും ഉണ്ടാക്കുക എന്നതു മാത്രമാണ്.

ഈ അധ്യാപനം അതിന്റെ പൂർണ്ണതയിലെത്തിക്കഴിഞ്ഞുവെന്ന് അല്ലാഹു പറഞ്ഞു. ഈ റസൂൽ ഖാത്തമുൽ അമ്പിയാഅ് ആണെന്നും അറിയിച്ചു. അതുകൊണ്ട് ഈ റസൂലിനെ പിൻപറ്റാതെ ഒരു നബിയും ഒരു റസൂലും ഇനി വരികയില്ല. മറ്റൊരു ഗ്രന്ഥവും ഇനി വരികയില്ല. നിങ്ങൾക്ക് ചോരപ്രവർത്തനം നടത്തണമെങ്കിൽ നടത്തി നോക്കിക്കൊള്ളുക. പക്ഷേ, ഒരിക്കലും വിജയിക്കുകയില്ല. ഈ ഗ്രന്ഥത്തിന്റെയും ഈ ധർമ്മശാസ്ത്രത്തിന്റെയും സംരക്ഷണം അല്ലാഹു അവന്റെ സ്വകരങ്ങളാൽ നടത്തിക്കൊണ്ടിരിക്കുന്നു. ഇക്കാലഘട്ടത്തിലും ദജ്ജാലിനെ തകർക്കാനുള്ള ആ ജരിയുല്ലാഹ് (അല്ലാഹുവിന്റെ ഫയൽവാൻ) വന്നുകഴിഞ്ഞു. അതുകൊണ്ട് എത്രവേണമെങ്കിലും ശ്രമിച്ചുകൊള്ളുക. ശയ്ത്വാന്റെ അടിമകളും അല്ലാഹുവിന്റെ അടിമകളും തമ്മിലുള്ള അന്ത്യയുദ്ധമാണിപ്പോഴുള്ളത്. ഇതിൽ തീർച്ചയായും റഹ്മാന്റെ അടിമകൾ വിജയിക്കുന്നതാണ്. ഇത് അല്ലാഹുവിന്റെ വിധിയാണ്. എതിരാളികൾക്ക് എന്തും ചെയ്യാൻ അവസരം കിട്ടുന്നു എന്നതും അല്ലാഹുവിന്റെ ഇഷ്ടമാണ്. നബി(സ) ഇതിനെ സംബന്ധിച്ച് പ്രവചനം ചെയ്തിരുന്നു. സകല ശക്തികളുടേയും ഉറവിടം താനാണെന്ന് അല്ലാഹു കാണിച്ചുകൊടുക്കുന്നതിന് വേണ്ടിയാണിത്. താനെന്തെങ്കിലും തീരുമാനിച്ചാൽ അത് നടന്നിരിക്കുമെന്ന് അല്ലാഹു പറയുന്നു.

അതുകൊണ്ട് നമുക്കിതിലൊന്നും ഒരു ആശങ്കയുമില്ല. അവരുടെ വ്യാജപ്രവർത്തികൾ ജയിക്കുമെന്നുള്ള ശങ്കയും നമുക്കില്ല. ശങ്കയുള്ളത്, ഇവരുടെ പറച്ചിൽ കേട്ട് മുസ്‌ലിംകളിലെ ദുർബലരായ ചിലർ നഷ്ടപ്പെട്ടുപോകുന്നതിലാണ്. ചിലർ ദ്രോഹകരമായ പ്രവർത്തനത്തിലൂടെ പോകുന്നവരാണെങ്കിൽ നിഷ്കളങ്കരായ ചിലർ അതിൽ കുടുങ്ങിപ്പോകുകയാണ് ചെയ്യുന്നത്. മുസ്‌ലിംകൾ എന്നു പറഞ്ഞ് ഖുർആന്റെ ചില പ്രതിപാദനങ്ങൾ സഹിക്കവയ്യാതെ മുഖം മൂടി നടക്കുന്നവർ, ദുഃഖിതരാകുന്നതിനു പകരം ഇക്കാലത്തെ ജരിയുല്ലായിൽനിന്ന് ഈ ഗ്രന്ഥം പഠിക്കുക. ഇതിൽനിന്ന് അറിവ്

കരസ്ഥമാക്കുക; എന്താണ് ശരിയെന്നും ഏതാണ് തെറ്റെന്നും അപ്പോൾ മനസ്സിലാക്കാൻ കഴിയും. വിശുദ്ധഖുർആന്റെ കല്പനകൾ എന്നെന്നും നിലനില്ക്കുന്നതാണ്. ഇതിലെ ഓരോ അക്ഷരത്തേയും ഇതിറങ്ങിയതു മുതൽ അല്ലാഹു കാത്തുപോരുന്നു. കാത്തുകൊണ്ടിരിക്കുകയും ചെയ്യും. ഇൻശാഅല്ലാഹ്. ഇത് അവന്റെ വാഗ്ദാനമാണ്. ഖുർആനെ മാറ്റിമറിക്കാൻ ആർക്കും സാധ്യമല്ല. ചില മുസ്‌ലിംകൾ കരുതുന്നത്, ഇതിലെ ചില വചനങ്ങൾ ഇപ്പോൾ കാലഹരണപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നാണ്. ഞാൻ പറഞ്ഞതുപോലെ, ഖുർആനിൽ പ്രതിപാദിച്ചിരിക്കുന്ന പാഠങ്ങൾ, നബി(സ)യുടെ സത്യസന്ധനായ പ്രേമിയും ഇക്കാലത്തെ സമുദ്ധാരകനുമായ മഹ്ദി ഇമാമിൽനിന്ന് മനസ്സിലാക്കേണ്ടതാണ്. അദ്ദേഹത്തെ അല്ലാഹു ഇക്കാര്യത്തിനായി നേരിട്ട് നിശ്ചയിച്ചിട്ടുള്ളതാണ്.

കിതാബ് എന്നതിന്, കല്പനകളെന്നും, നിർബന്ധ കടമകളെന്നും അർത്ഥമുണ്ട്. നിർബന്ധകടമകൾ, നിർബന്ധമായും ചെയ്യാനുള്ളതാണ്. അതിൽ ഒരുവിധ മാറ്റവും ഉണ്ടാകുകയില്ല. വ്യക്തമായ പാഠങ്ങളാണ് അതിലുള്ളത്. കാലത്തിനനുസരിച്ച് കല്പനകളിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാം. ഈ കല്പനകളിൽ ചിലത് വ്യക്തിപരമായിട്ടുള്ളതാണ്. സാമൂഹികപരമായിട്ടുള്ള ചിലതും അതിലുണ്ട്. വ്യക്തിപരമായിട്ടുള്ളതിൽ ചില അവസ്ഥകളും നിർബന്ധസാഹചര്യങ്ങളും കാരണത്താൽ വ്യക്തികൾക്ക് അധികാരം നല്കപ്പെട്ടിരിക്കുന്നു. ഉദാഹരണം ആരാധന. അതിൽ നിർബന്ധമായ നമസ്കാരമുണ്ട്. ഐച്ഛിക നമസ്കാരങ്ങളുണ്ട്. നിർബന്ധമായ നമസ്കാരം ജമാഅത്തായിട്ട് നമസ്കരിക്കണം. നിന്നുകൊണ്ട് നമസ്കരിക്കണം. വുളുവോടുകൂടി നമസ്കരിക്കണം. തുടങ്ങിയവപോലുള്ള കല്പനകൾ. അതിനോടൊപ്പം രോഗികൾക്കും യാത്രക്കാർക്കും ചില ഇളവുകളുമുണ്ട്. വിശുദ്ധഖുർആൻ നമുക്ക് നല്കിയ സമ്പൂർണ്ണ പാഠമിതാണ്. ഇതുപോലെ വേറെയും ധാരാളം ഉദാഹരണങ്ങളുണ്ട്.

സാമൂഹികമായിട്ടുള്ള കല്പനകൾ. ഉദാഹരണത്തിന് ജിഹാദ്. അല്ലെങ്കിൽ യുദ്ധത്തിനുള്ള കല്പന. ഖുർആനിൽ മാറ്റം വരുത്തണമെന്നാഗ്രഹിക്കുന്ന കൂട്ടർ ലജ്ജിക്കുന്നത് ഇക്കാര്യങ്ങളിലാണ്. ഒന്നാമതായി മനസ്സിലാക്കാനുള്ളത്, ഏതൊരു രാജ്യങ്ങളുടെ പിന്നാലെ കൂടിക്കൊണ്ട് ഇക്കൂട്ടർ കാപട്യവും ഭീരുത്വവും കാണിക്കുകയും അവരെ സ്വാഗതം ചെയ്യാനാഗ്രഹിക്കുകയും ചെയ്യുന്നുവോ, അവർ യുദ്ധം ചെയ്യുന്നില്ലേ എന്നതാണ്. അവരുടെ ചരിത്രംതന്നെ അക്രമപരമായ പ്രവർത്തനങ്ങൾകൊണ്ട് നിറഞ്ഞുകിടക്കുകയാണ്. ഇക്കാലഘട്ടത്തിലും അവർ ചില മുസ്‌ലിം രാഷ്ട്രങ്ങളുടെമേൽ അക്രമപരമായ ആധിപത്യം സ്ഥാപിച്ചിരിക്കുന്നു. നിരന്തരം യുദ്ധാവസ്ഥയാണുള്ളത്. അതുകൊണ്ട് മുസ്‌ലിംകൾ നാണിക്കുന്നതിനു പകരം, ഇക്കൂട്ടരെ നാണിപ്പിക്കേണ്ടതാണ്. എന്നാൽ ഇന്ന് ശരിയായ മുസൽമാനെന്നു പറഞ്ഞുനടക്കുന്നവർ എന്താണ് ചെയ്യുന്നത്? എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്?

മറ്റൊന്ന് വിശുദ്ധഖുർആനിൽ വാളെടുത്തുകൊണ്ടുള്ള ജിഹാദിനെ സംബന്ധിച്ച് പറഞ്ഞിട്ടുള്ളതുപോലെത്തന്നെ, അതിന് ചില നിബന്ധനകളും വെച്ചിട്ടുണ്ട്. നിങ്ങളുടെമേൽ ആരെങ്കിലും അക്രമം ചെയ്യുകയാണെങ്കിൽ, അതിന് മറുപടി കൊടുക്കണം. അവർ ആയുധം വെച്ചുകീഴടങ്ങിയാൽ പിന്നീട് സൂത്രങ്ങൾ ഒന്നും അന്വേഷിക്കരുത്. വീണ്ടും രക്തംചൊരിയാൻ ശ്രമിക്കരുത്. ഇപ്രകാരംതന്നെ യുദ്ധത്തടവുകാരോട് നീതിപൂർവ്വം പെരുമാറണം തുടങ്ങി നിരവധി കല്പനകളുണ്ട്.

വാളെടുത്ത് യുദ്ധം ചെയ്യണമെങ്കിൽ, അത് തീരുമാനിക്കേണ്ടത് പൂർണ്ണഅധികാരിയാണ്. തോന്നിയവർക്കെല്ലാം തീരുമാനിക്കാനുള്ള അവകാശമില്ല. ഇക്കാലഘട്ടത്തിൽ നീതിമാനായ വിധികർത്താവിനെ അല്ലാഹു അയച്ചിരിക്കുന്നു. അദ്ദേഹമാണ്, ഇപ്പോൾ ഏതുകർമ്മമാണ് അല്ലാഹുവിന് ഇഷ്ടപ്പെട്ടതെന്ന്, വിശുദ്ധഖുർആന്റെ അധ്യാപനത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കേണ്ടത്. അല്ലാഹുവിന്റെ കല്പനയുടെ വിശദീകരണം പറയേണ്ടത് അദ്ദേഹമാണ്. ഈ നീതിമാനായ വിധികർത്താവാണ്, ഇക്കാലഘട്ടത്തിൽ തന്റെ വരവോടുകൂടി വാളെടുത്ത് യുദ്ധം നിഷിദ്ധമായിരിക്കുന്നുവെന്ന് പ്രഖ്യാപിച്ചത്. ഇപ്പോൾ ശത്രുക്കൾ ഉപയോഗിക്കുന്ന ആയുധം ജിഹാദിന്നായി നിങ്ങളും ഉപയോഗിക്കുക. ശത്രുക്കൾ സാഹിത്യങ്ങളും മീഡിയകളും ഉപയോഗിച്ചുകൊണ്ട് ഇസ്‌ലാമിന്റെമേൽ ആക്രമണം നടത്തുന്നു. അതുകൊണ്ട് നിങ്ങളും അതേ നയം സ്വീകരിക്കുക. എന്നല്ല വിശുദ്ധഖുർആൻ പ്രചരിപ്പിച്ചുകൊണ്ട്, മോക്ഷം നല്കാനുള്ള അധ്യാപനം ഇതൊന്ന് മാത്രമാണെന്ന് സ്ഥാപിച്ചുകാണിക്കുക. അത് ഏകനായ അല്ലാഹുവിൽനിന്നുള്ളതാണ്. ഇവർ വ്യാജപ്രവർത്തനത്തിലൂടെ ഖുർആന്റെ രീതിയിലുള്ള ഗ്രന്ഥം പ്രസിദ്ധീകരിച്ച് ക്രിസ്തുമതം പ്രചരിപ്പിക്കുകയാണെങ്കിൽ അതിനെ തടയുക. അതുകൊണ്ട് ഈ കല്പനയെപ്പറ്റി ഇപ്പോൾ പറയാനുള്ളത് വൈജ്ഞാനികവും ആശയപരവുമായ ജിഹാദാണ് ഇപ്പോൾ നിലനില്ക്കുന്നതെന്നാണ്. ജിഹാദിന്റെ ഉദ്ദേശ്യം വെറും വാളെടുത്ത് പോരാടുക എന്നല്ല. നബി(സ) തിരുമേനിയും സ്വഹാബത്തും ഇതു മാത്രമല്ല ജിഹാദിന്റെ ഉൾസാരമായി മനസ്സിലാക്കിയിരുന്നത്. മറിച്ച്, ജിഹാദെ അക്ബർ (ഏറ്റവും വലിയ ജിഹാദ്) എന്നാൽ, ഖുർആനിക അധ്യാപനമനുസരിച്ച് പ്രവർത്തിക്കുകയും അതനുസരിച്ച് ജനങ്ങളെ ആക്കിത്തീർക്കുകയും ചെയ്യുക എന്നതാണ്. രാഷ്ട്രത്തിനുമേൽ ആക്ര

മണം നടത്തിയാൽ രാഷ്ട്രമാണ് ജിഹാദ് പ്രഖ്യാപിക്കുന്നത്. അല്ലാതെ സംഘടനകളുടെ പ്രവർത്തിയല്ല അത്. ബുദ്ധിയ്ക്ക് അന്ധത ബാധിച്ചിട്ടുള്ളവർക്ക് ജിഹാദ് എന്താണെന്ന് പറഞ്ഞുകൊടുക്കണം. നിങ്ങളുടെ ഈ പ്രവർത്തനം ബാലിശമാണെന്ന് തെളിവുകൾ നിരത്തി വിശദമാക്കിക്കൊടുക്കണം. വലിയ ബുദ്ധിമാന്മാരാണ് തങ്ങൾക്കിത് നിർമ്മിച്ചു നല്കിയതെന്നാണ് അവരുടെ ധാരണ. പക്ഷേ, നോക്കുമ്പോഴാണ് അറിയുന്നത് എത്ര മാത്രം ബാലിശമാണെന്ന്.

എന്തായാലും, വിശുദ്ധഖുർആനെ യഥാർത്ഥ സ്ഥിതിയിൽ നിലനിറുത്തുന്നതിനെ സംബന്ധിച്ചാണ് ഞാൻ പറഞ്ഞുവന്നത്. താൻ ഖുർആനെ സംരക്ഷിക്കുമെന്ന് അല്ലാഹു പറഞ്ഞു. ഓറിയന്റലിസ്റ്റുകൾക്കും ഇക്കാര്യം സമ്മതിക്കേണ്ടിവന്നിട്ടുണ്ട്. അവർ സമ്മതിക്കാൻ നിർബന്ധിതരായിട്ടുണ്ട്. ഒരു യൂറോപ്യൻ എഴുത്തുകാരൻ പറഞ്ഞത് 'മുഹമ്മദ് നബി(സ) ക്രമീകരിച്ചതും സാക്ഷ്യപ്പെടുത്തിയതുമാണ് വിശുദ്ധഖുർആൻ. ഇന്ന് നമ്മുടെ മുമ്പിലുള്ള വിശുദ്ധഖുർആൻ യഥാർത്ഥത്തിൽ മുഹമ്മദിന്റെ മുസ്ഹഫ്' തന്നെയാകുന്നു എന്നാണ്.

എച്ച്.എ.ആർ ഗിബ് എഴുതുന്നു: "വിശുദ്ധഖുർആനിൽ എന്തെങ്കിലും കൈകടത്തലുകൾ നടന്നിട്ടുണ്ടെന്ന് സ്ഥാപിക്കാൻ സാധിച്ചിട്ടില്ല എന്നത് ശക്തമായ യാഥാർത്ഥ്യമാണ്. മുഹമ്മദ്(സ) വിവരിച്ചിട്ടുള്ള വാക്കുകൾ അതിന്റെ യഥാർത്ഥാവസ്ഥയിൽ പരിപൂർണ്ണമായ സൂക്ഷ്മതയോടുകൂടി ഇന്നേവരെ സുരക്ഷിതമാക്കിവെച്ചിരിക്കുന്നുവെന്നതും സത്യമാണ്."

സർ വില്യം മൂർ വലിയൊരു ഓറിയന്റലിസ്റ്റാണ്. അദ്ദേഹം എഴുതുന്നു: "1200 വർഷത്തിനുശേഷം ശരിയായ അവസ്ഥയിൽ നിലകൊള്ളുന്ന ഒരു മൂലഗ്രന്ഥം വേറെയില്ലതന്നെ."

ഡാക്ടർ മോറിസ് ബുക്കായിയും റൂക്കേലും ബൈബിൾ ഖുർആൻ സയൻസ് എന്ന ഗ്രന്ഥത്തിലെഴുതുന്നു. ഫ്രഞ്ചിൽനിന്നുള്ള തർജമയാണിത്. "ഇക്കാലത്ത് ലഭ്യമായിട്ടുള്ള വിശുദ്ധഖുർആന്റെ എല്ലാ പ്രതിയും, മൂലഗ്രന്ഥത്തിൽനിന്നുതന്നെ പകർത്തിയെഴുതിയിട്ടുള്ളതാണ്. ഖുർആനിൽ എന്തെങ്കിലും മാറ്റത്തിരുത്തലുകൾ നടന്നിട്ടുണ്ടെന്നതിന് തെളിവുകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല."

ഇത്തരം നിരവധി ഉദ്ധരണികൾ എടുത്തുകാണിക്കാൻ കഴിയും. ഓറിയന്റലിസ്റ്റുകളിൽ വിഖ്യാതനായ നോൾഡിക്കെ എഴുതുന്നു: "ഇതിനു പുറമെ നമ്മുടെ കൈയിൽ എല്ലാത്തരം ഉറപ്പുകളുമുണ്ട്. അകത്തുള്ളതും പുറത്തുള്ളതുമായ എല്ലാം; നമ്മുടെ പക്കലുള്ള ഈ ഗ്രന്ഥം മാത്രമാണ്, മുഹമ്മദ്(സ) നേരിട്ട് ജനങ്ങളുടെ മുമ്പിൽ സമർപ്പിച്ചിട്ടുള്ളത്. അത് നടപ്പിൽ വരുത്താറുമുണ്ടായിരുന്നു." വീണ്ടും എഴുതുന്നു, "ലിഖിതത്തിൽ എന്തെങ്കിലും നിസ്സാര പിശകുകൾ (ഇത് അവരുടെ ശൈലിയാണ്. ജനങ്ങളിൽ സംശയമുണ്ടാക്കാൻ വേണ്ടിയാണ്) ഉണ്ടെങ്കിലേയുള്ളൂ. പക്ഷേ, ഉഥ്മാൻ(റ) ജനങ്ങളുടെ മുമ്പിൽ സമർപ്പിച്ച ഖുർആൻ, മുഹമ്മദ്(സ) സമർപ്പിച്ച അതേ വിഷയം ഉൾക്കൊള്ളുന്നതാണ്. അതിന്റെ ക്രമീകരണം അത്ഭുതാവഹമാണ്. ഖുർആനിൽ കൈകടത്തലുകൾ ഉണ്ടായിട്ടുണ്ടെന്ന് സ്ഥാപിക്കാനുള്ള യൂറോപ്പിലെ ഗവേഷകരുടെ എല്ലാ ശ്രമങ്ങളും പൂർണ്ണമായും പരാജയപ്പെട്ടുപോയിരിക്കുന്നു."

അതിനാൽ, ഈ ഗ്രന്ഥമാണ് ഖാത്തമുന്നബിയ്യീൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യ്ക്ക് ഇറങ്ങിയത്. അതിനെ വികലമാക്കാനുള്ള ശ്രമങ്ങളെല്ലാം പരാജയപ്പെട്ടു. ഇനിയും ഇങ്ങനെതന്നെയായിരിക്കും സംഭവിക്കുക. താനിതിനെ സംരക്ഷിക്കുമെന്നുള്ളത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. ഇത് മനുഷ്യരിലൂടെയല്ല നമുക്കെത്തിയത്. അല്ലാഹുവിന്റെ ഏർപ്പാടനുസരിച്ചാണ് അത് സുരക്ഷിതമായി നമുക്കെത്തിച്ചേർന്നത്. ഏതെങ്കിലും കാലഘട്ടത്തിൽ ഇതിൽ മാറ്റത്തിരുത്തലുണ്ടായി എന്ന് സ്ഥാപിക്കാൻ ഒരിക്കലും സാധ്യമല്ല.

ശേഖരിച്ചുവെക്കുന്ന വസ്തുവിനും കിതാബ് എന്നർത്ഥം പറയും. ഇതിന്റെ അടിസ്ഥാനത്തിൽ വിശുദ്ധഖുർആനിൽ എല്ലാ അധ്യാപനങ്ങളും ശേഖരിക്കപ്പെട്ടിരിക്കുന്നു. ഇതിൽ സാംസ്കാരികവും മതപരവും സാമ്പത്തികവും ശാസ്ത്രപരവും ധാർമ്മികപരവുമായ അറിവുകളുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "***ദാലിക്കൽ കിതാബു*** അല്ലാഹുവിന്റെ അറിവിനാൽ പട്ടാംബരം ധരിച്ചുകൊണ്ടുവന്ന 'ആ' ഗ്രന്ഥമാണിത്. അല്ലാഹുവിന്റെ അറിവ് എല്ലാ അറിവിനെക്കാളും പരിപൂർണ്ണമാണെന്നതിൽ ഒരു സംശയവുമില്ല." ഇതിൽ ശേഖരിക്കപ്പെട്ടിരിക്കുന്ന അധ്യാപനങ്ങൾ, അല്ലാഹു നബി(സ)യിൽ തന്റെ തികവുറ്റ അറിവനുസരിച്ച് ഇറക്കിയതാണ്. കാരണം ശരീഅത്ത് പൂർണ്ണമാവുകയാണ്. അതിനാൽ, വിശുദ്ധഖുർആനിൽ ഇറക്കപ്പെട്ടതുപോലുള്ള സമ്പൂർണ്ണ കല്പനകൾ മറ്റു ഗ്രന്ഥങ്ങളിലില്ല. ***ലാറയ്ബഫീഹി*** എന്നു പറഞ്ഞുകൊണ്ട്, താനാണ് എല്ലാ അറിവുകളുടേയും ഉറവിടം എന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. ഇത് ഉന്നതമായ അധ്യാപനമാണെന്നതിൽ സംശയിക്കേണ്ടെന്ന് അവൻ പറയുന്നു. ഒരു സന്ദേഹത്തിനും സംശയത്തിനും ഇതിലിടമില്ല. നിങ്ങൾ എത്ര വേണമെങ്കിലും ശ്രമിച്ചുകൊള്ളുക. ഇതുപോലൊരു ഗ്രന്ഥം ഉണ്ടാക്കാൻ നിങ്ങൾക്ക് കഴിയില്ല. വ്യാജപ്രവർത്തനത്തിലൂടെ അതിനുവേണ്ടി ശ്രമിക്കാൻ കഴിയും, പക്ഷേ, നിങ്ങളതിൽ പരാജയപ്പെടും.

നിസ്സാരമായ തർജമ അറിയുന്നയാളുപോലും നോക്കിയാൽ ഇക്കാര്യം വ്യക്തമാകുന്നതാണ്. വിശു

ദ്ധഖുർആന്റെ അധ്യാപനത്തിന്റെ സംക്ഷേപം തൗഹീദിന്റെ സംസ്ഥാപനമാണ്. തൗഹീദിന്റെ ചുറ്റുവട്ടത്തുമാണ് അത് കറങ്ങുന്നത്. മുസ്ലിംകളെ വികലമാക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടക്കുന്നതുകൊണ്ട് ആരംഭത്തിൽതന്നെ ത്രിയേകത്വത്തെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത് വായനക്കാരന് കാണാം. ത്രിയേകത്വത്തെ വിവരിച്ചുകൊണ്ട് അതിനെ തൗഹീദാക്കി മാറ്റി. അടിസ്ഥാനപരമായ അറിവുള്ള ഒരു മുസ്ലിം പിന്നെങ്ങനെ ഈ വ്യാജപ്രവർത്തനങ്ങൾ സ്വീകരിക്കാനാണ്. അവരുടെ ശ്രമം, കുറച്ച് തൗഹീദിനെക്കുറിച്ച് പറഞ്ഞ് പിന്നീട് ത്രിയേകത്വം കടത്തിവിടുക എന്നതാണ്. പക്ഷേ, അവരുണ്ടാക്കിയെടുത്ത ആദ്യ വചനത്തിൽതന്നെ തൗഹീദും ത്രിയേകത്വവും വിവരിക്കുന്നു. അത് വിശദീകരിക്കേണ്ട ആവശ്യം ഇവിടെയില്ല. നിരർത്ഥകമായ കാര്യങ്ങളാണ് അതിൽ നിറച്ചിട്ടുള്ളത്.

ഇപ്പോൾ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ഉദ്ധരണി വായിച്ചുകേൾപ്പിക്കുന്നതാണ്. അല്ലാഹുവിന്റെ വെളിപാടിലുള്ള ഹിദായത്ത് അഥവാ സന്മാർഗ്ഗം എല്ലാ പ്രകൃതക്കാർക്കുമല്ല. മറിച്ച്, ദൈവികവെളിപാടിന്റെ സ്വാധീനമുണ്ടാകുന്നത് പരിശുദ്ധ പ്രകൃതക്കാരിൽ മാത്രമാണ്. ഈ കല്പനകളിറങ്ങുന്ന അധ്യാപനങ്ങൾ പരിശുദ്ധ പ്രകൃതക്കാർക്കുവേണ്ടിയാണ്. തഖ്‌വ കൊണ്ട് വിഭൂഷിതരായവരിലാണ് അത് സ്വാധീനം ചെലുത്തുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"എത്ര സൂക്ഷ്മതയോടും മഹിമാവിശേഷത്തോടും നിർമ്മാണപരിഗണനയോടും കൂടിയാണ്, ആക്ഷേപത്തിന് അല്ലാഹു മറുപടി നല്കിയിരിക്കുന്നതെന്ന് മുകളിൽ പറഞ്ഞിട്ടുള്ള വചനങ്ങളിൽ ആദ്യത്തെ വചനമായ ***അലിഫ് ലാം മീം ദാലിക്കൽ കിതാബു ലാറയ്ബ ഫീഹി ഹുദൻല്ലിൽ മുത്തഖീൻ*** എന്നതിൽ ചിന്തിച്ചു നോക്കേണ്ടതാണ്. (അതായത് സമ്പൂർണ്ണമായ ഈശ്വരീയ ജ്ഞാനം ഖുർആനിലാണ് നിലകൊള്ളുന്നതെങ്കിൽ ദൈവം എന്തുകൊണ്ട് അതിനെ എല്ലാ രാജ്യങ്ങളിലും പഴയതും പുതിയതുമായ എല്ലാ ആൾവാസകേന്ദ്രങ്ങളിലും പ്രചരിപ്പിച്ചില്ല എന്ന ആക്ഷേപത്തിനുള്ള മറുപടിയാണ് ഉദ്ദേശ്യം. അത്തരം ആക്ഷേപക്കാർ ഈ വചനത്തെ പ്രയോജനപ്പെടുത്തേണ്ടതാണ്) ഒന്നാമതായി വിശുദ്ധഖുർആന്റെ നിർമ്മാണ കാരണം (ഇല്ലത്തെ ഫാഇലി) വിവരിച്ചു. അതിന്റെ മാഹാത്മ്യത്തിലേക്കും മഹത്വത്തിലേക്കും സൂചന നല്കിക്കൊണ്ട് പറഞ്ഞു, '***അലിഫ് ലാം മീം***'. ഞാനാണ് ദൈവം. ഏറ്റവും കൂടുതൽ അറിയുന്നവനാണ് ഞാൻ. അതായത്, ഈ ഗ്രന്ഥം ഇറക്കിയത് ഞാനാണ്. ഞാൻ സർവ്വജ്ഞനും യുക്തിജ്ഞനുമാകുന്നു. എന്റെ അറിവിന് സമാനമായി ആർക്കും അറിവില്ല. അതിനുശേഷം ഖുർആനിന്റെ തനതായ കാരണം (ഇല്ലത്തെമാദ്ദി) മാണ് വിവരിക്കുന്നത്. അതിന്റെ മഹത്വത്തെ സംബന്ധിച്ച് സൂചിപ്പിച്ചുകൊണ്ട് പറഞ്ഞു: ***ദാലിക്കൽ കിതാബ്***. അതാണ് ഗ്രന്ഥം. അതായത്, മഹത്വമാർന്നതും ഉന്നതക്കിടയിലുള്ളതുമായ ഗ്രന്ഥമാണത്. അതുണ്ടാകാനുള്ള കാരണം ദൈവികവെളിപാടാണ്. അതായത്, അതിന്റെ ഉറവിടവും സ്രോതസ്സും അനാദ്യനായ അല്ലാഹുവാണെന്ന് സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇവിടെ ദൂരത്തും അകലത്തുമുള്ളതിനും വേണ്ടി ഉപയോഗിക്കുന്ന 'അത്' എന്ന പദം അല്ലാഹു സ്വീകരിച്ചുകൊണ്ട് തന്റെ സത്തയിൽ അതുല്യനായ അവന്റെ അറിവിനാൽ വെളിപ്പെട്ടതാണ് ഈ ഗ്രന്ഥമെന്ന് പറഞ്ഞിരിക്കുന്നു. അവന്റെ തികവാർന്ന അറിവുകളും സൂക്ഷ്മമായ സ്വകാര്യങ്ങളും മാനുഷികമായ ദൃഷ്ടികളുടെ വൃത്തപരിധിയിൽനിന്ന് വളരെ ദൂരത്തും അകലത്തുമാണ്. (അതായത് അതിനുള്ളിലെ പൂർണ്ണമായ അറിവും മറഞ്ഞിരിക്കുന്ന അഗാധമായ കാര്യങ്ങളും സാധാരണ മനുഷ്യന്റെ ബുദ്ധിയിൽനിന്ന് വളരെ അകന്നതാണ്). പിന്നീടിതിന്റെ പ്രത്യക്ഷ കാരണം (ഇല്ലത്തെ സുവരി) വെളിപ്പെടുത്തി. അതിനെക്കുറിച്ച് പറഞ്ഞു: ***ലാ റയ്ബ ഫീഹി.*** അതായത് ഖുർആൻ അതിന്റെ സത്തയിൽ ആർക്കും സംശയിക്കാൻ ഇടയില്ലാത്തവിധം തെളിവുകൾ അടങ്ങിയതാണ്. അതായത്, മറ്റു ഗ്രന്ഥങ്ങളെപ്പോലെ കഥകളടങ്ങിയതല്ല. മറിച്ച്, ദൃഢതരമായ തെളിവുകളും ഖണ്ഡിതമായ പ്രമാണങ്ങളും അടങ്ങിയതാണത്. അതിന്റെ ഉൾസാരങ്ങളെക്കുറിച്ച് വ്യക്തമായ യുക്തികളും നിർമ്മലമായ തെളിവുകളും അത് വിവരിക്കുന്നു. (അതിന്റെ അർത്ഥങ്ങൾ അത് പൂർണ്ണമായ നിലയിൽ നിർമ്മലമായ തെളിവുകളോടെ വിവരിക്കുന്നു). അത് സ്വയം ഒരു ദിവ്യാത്ഭുതമാണ്. സംശയങ്ങളും സന്ദേഹങ്ങളും അകറ്റുന്നതിൽ മൂർച്ചയുള്ള വാൾ പോലെയാണത്. (എല്ലാത്തരം സംശയങ്ങളും അത് ദൂരീകരിക്കുന്നു. ദൈവഭയമുള്ള മനുഷ്യന് മനസ്സിലാക്കിക്കൊടുത്താൽ അവന്റെ എല്ലാ സംശയങ്ങളും അതോടെ അവസാനിച്ചുപോകുന്നതാണ്). ദൈവം ഉണ്ടായിരിക്കണമെന്ന അനുമാനജ്ഞാനത്തിന്റെ നിലയിൽ അത് മനുഷ്യനെ വിട്ടുകളയുകയില്ല. മറിച്ച്, ദൃഢതരവും ഖണ്ഡിതവുമായ വിശ്വാസത്തിന്റെ നിലയിലേക്കെത്തിക്കുന്നു. (അതായത്, അല്ലാഹു ഉണ്ടെന്ന ദൃഢവിശ്വാസം അവരിലുണ്ടാക്കിത്തീർക്കുന്നു). ഇത്, മൂന്ന് അടിസ്ഥാനപരമായ കാരണങ്ങളുടെ മഹത്വത്തെക്കുറിച്ചുള്ള വിവരണമാണ്. മഹത്തരമായതുകൊണ്ട് സ്വാധീനം ചെലുത്തുന്നതിലും പരിഷ്കരണത്തിലും മൂന്ന് അടിസ്ഥാന കാര്യങ്ങൾക്കും വലിയ അധികാരമാണുള്ളത്. ഇതിന്റെ നാലാമത്തെ അടിസ്ഥാനം അതായത്, വിശുദ്ധഖുർആന്റെ ഇറക്കം മാർഗ്ഗദർശനവും സന്മാർഗ്ഗവുമാണ്. ഇത് മുത്തഖീംങ്ങളിൽ മാത്രം നിക്ഷിപ്തമാക്കി. അതായത്, ഇക്കാര്യങ്ങൾ പ്രാപിക്കുന്നത് സാധാരണക്കാരല്ല. മുത്തഖികൾക്കാണ് ഇക്കാര്യം മനസ്സിലാകുന്നത്. പറഞ്ഞു ***ഹുദൻല്ലിൽ മുത്തഖീൻ***. ഈ ഗ്രന്ഥം ഇറക്കപ്പെട്ടിരിക്കുന്നത് നിഷ്കളങ്കരും കുറ്റമറ്റ ചിന്താഗതിക്കാരും നേരായ അറിവുള്ളവരും സത്യാന്വേഷണ

തൽപരരും സദുദ്ദേശ്യക്കാരുമായവർക്കുവേണ്ടിയാണ്. അവർ അവസാനം വിശ്വാസത്തിലും ദൈവഭയത്തിലും ഹൃദയഭക്തിയിലും പൂർണ്ണത പ്രാപിക്കുന്നതായിരിക്കും. അതായത്, ആരൊക്കെയാണ് ഈ സന്മാർഗ്ഗത്തിന്നർഹരെന്നും ആരൊക്കെ ദൈവികജ്ഞാനത്തിൽ അഭിവൃദ്ധിപ്പെടുമെന്നും അല്ലാഹുവിന്നറിയാം. അത്തരക്കാർ അവസാനം ഈ ഗ്രന്ഥത്തിൽ നിന്ന് സന്മാർഗ്ഗം പ്രാപിക്കുന്നതാണ്. എന്തായാലും, ഈ ഗ്രന്ഥം അത്തരക്കാർക്ക് എത്തിച്ചേരുകതന്നെ ചെയ്യും. അവർ മരിക്കുന്നതിനു മുമ്പേ നേരായമാർഗ്ഗത്തിലേക്ക് വരാൻ അല്ലാഹു അവർക്ക് ഭാഗ്യം നല്കുന്നതാണ്. ഇനി നോക്കുക, അല്ലാഹുവിന്റെ അറിവിൽ സന്മാർഗ്ഗപ്രാപ്തിക്കർഹരായവരും തങ്ങളുടെ പ്രകൃതിയിൽ ഹൃദയഭക്തിയാൽ വിഭൂഷിതരായിട്ടുള്ളവരും തീർച്ചയായും സന്മാർഗ്ഗം പ്രാപിക്കുന്നവരാണെന്ന് അല്ലാഹു വ്യക്തമായും പറഞ്ഞിരിക്കുന്നു. ഈ വചനത്തിനുശേഷം എഴുതപ്പെട്ടിട്ടുള്ള വചനങ്ങളിൽ അത് കൂടുതൽ വിശദീകരിച്ചിട്ടുമുണ്ട്. പറഞ്ഞു: ഇപ്പോൾ മുസ്‌ലിംകളിൽ ചേർന്നിട്ടില്ലെങ്കിലും വിശ്വസിക്കുമെന്ന് അല്ലാഹു അറിയുന്നവരെല്ലാം പതുക്കെപ്പതുക്കെ ഇസ്‌ലാമിൽ വന്നുചേരുന്നതാണ്. ഇസ്‌ലാമിന്റെ സത്യമാർഗ്ഗം സ്വീകരിക്കുകയില്ലെന്ന് അല്ലാഹു അറിയുന്നവർ മാത്രം വെളിയിൽ അവശേഷിക്കുന്നതാണ്. അവരെ ഉപദേശിച്ചാലും ഇല്ലെങ്കിലും അവർ വിശ്വസിക്കുകയില്ല. അല്ലെങ്കിൽ, പൂർണ്ണമായ ഹൃദയഭക്തിയിലും ഈശ്വരീയജ്ഞാനത്തിലും അവരെത്തിച്ചേരുകയില്ല. ചുരുക്കിപ്പറഞ്ഞാൽ അല്ലാഹു ഈ വചനങ്ങളിൽ തുറന്നുപ്രഖ്യാപിച്ചിട്ടുള്ളത് ഖുർആനിക സന്മാർഗ്ഗത്തിൽനിന്ന് പ്രയോജനമെടുക്കാൻ മുത്തഖികൾക്കുമാത്രമേ സാധിക്കുകയുള്ളൂവെന്നാണ്. അവരുടെ പ്രകൃതിയിൽ സ്വാർത്ഥതയുടെ അന്ധകാരാധിക്യം ഉണ്ടായിരിക്കുകയില്ല. ഈ സന്മാർഗ്ഗം അവർക്ക് എത്തിച്ചേരുകതന്നെ ചെയ്യും. എന്നാൽ, മുത്തഖിയല്ലാത്തവർ ഖുർആനിക സന്മാർഗ്ഗത്തിൽനിന്ന് ഒട്ടും ഫലമെടുക്കുകയില്ല. ആ സന്മാർഗ്ഗം അവരിലേക്ക് എത്തുകയുമില്ല".

ഈ അധ്യാപനം മനസ്സിലാക്കുന്നതിനും കേൾക്കുന്നതിനും തഖ്‌വ അത്യാവശ്യമാണ്. ഇതു കേട്ടവരിൽ ഹദ്റത്ത് അബൂബക്കറും ഹദ്റത്ത് ഉമറും ഉണ്ടായിരുന്നു. അബൂജഹ്‌ലിനെ പോലുള്ളവരും ഉണ്ടായിരുന്നു. പക്ഷേ, സത്യത്തെ അന്വേഷിച്ചുനടന്നവർ അത് സ്വീകരിച്ച് ശുഭപര്യവസാനത്തിലെത്തി. ഹദ്റത്ത് അബൂബക്കറും ഉമറും ലോകാവസാനംവരെ തങ്കലിപികളാൽ എഴുതപ്പെടുന്ന സ്ഥാനം കരസ്ഥമാക്കി. അബൂജഹ്‌ലിനെ പോലുള്ളവർ ദുർപര്യവസാനത്തിലെത്തിച്ചേർന്നു. ഇന്നും ദജ്ജാലിന്റെ മാർഗ്ഗത്തിൽ നടക്കുന്നവരും അതായത് ഈ ഗ്രന്ഥത്തെ മാറ്റിമറിക്കാൻ ശ്രമിക്കുന്നവരും തങ്ങളുടെ ദുർപര്യവസാനം കാണുന്നതാണ്. തങ്ങളുടെ ശ്രമത്തിൽ ഒരിക്കലും അവർ വിജയിക്കുകയില്ല. ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. എന്നാൽ, ഈ പരിശുദ്ധമായ ഗ്രന്ഥവും അധ്യാപനവും പരിശുദ്ധമായ മനസ്സോടുകൂടി കേൾക്കുകയും വായിച്ചുനോക്കുകയും ചെയ്യുന്നവരിൽ അത് വമ്പിച്ച വിപ്ലവം സൃഷ്ടിക്കുന്നതായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ഉദ്ധരണി ഞാൻ വായിക്കുകയാണ്. സമയം കുറച്ചേയുള്ളൂ. അതിന്റെ ചുരുക്കം കേൾപ്പിക്കാമെന്നാണ് ധരിച്ചത്. പക്ഷേ, അത് സാധ്യമല്ല. അതുകൊണ്ട് വിശദീകരണം ആവശ്യമുള്ളിടത്ത് നല്കുന്നതായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"പ്രതാപവാനായ അല്ലാഹു വിശുദ്ധഖുർആനിൽ തന്റെ അധ്യാപനം പരിപൂർണ്ണമാണെന്ന് വാദിച്ചിരിക്കുന്നു. അവൻ പറയുന്നു: ***അൽയൗമ അക്‌മൽതു ലക്കും ദീനക്കും വ അത്‌മംതു അലയ്ക്കും നിഅ്‌മത്തീ.*** ഇന്ന് ഞാൻ നിങ്ങൾക്കായി നിങ്ങളുടെ മതത്തെ പൂർത്തിയാക്കുകയും എന്റെ അനുഗ്രഹത്തെ അതായത് ഖുർആനികാധ്യാപനങ്ങളെ നിങ്ങളിൽ സമ്പൂർണ്ണമാക്കുകയും ചെയ്തു. മറ്റൊരിടത്ത് ഈ പൂർത്തീകരണത്തിന്റെ വിശദീകരണത്തിനായി- അതായത് പൂർത്തീകരണമെന്ന് പറയുന്നതെന്താണ്? എന്നതിനെക്കുറിച്ച് പറയുന്നു:

أَلَمْ تَرَ كَيْفَ ضَرَبَ اللَّهُ مَثَلًا كَلِمَةً
طَيِّبَةً كَشَجَرَةٍ طَيِّبَةٍ أَصْلُهَا ثَابِتٌ
وَفَرْعُهَا فِي السَّمَاءِ ﴿٢٥﴾
تُؤْتِي أُكُلَهَا كُلَّ حِينٍ بِإِذْنِ رَبِّهَا ۗ
وَيَضْرِبُ اللَّهُ الْأَمْثَالَ لِلنَّاسِ لَعَلَّهُمْ
يَتَذَكَّرُونَ ﴿٢٦﴾
وَمَثَلُ كَلِمَةٍ خَبِيثَةٍ كَشَجَرَةٍ خَبِيثَةٍ
اجْتُثَّتْ مِنْ فَوْقِ الْأَرْضِ مَا لَهَا مِنْ
قَرَارٍ ﴿٢٧﴾
يُثَبِّتُ اللَّهُ الَّذِينَ آمَنُوا بِالْقَوْلِ الثَّابِتِ فِي
الْحَيَاةِ الدُّنْيَا وَفِي الْآخِرَةِ ۖ وَيُضِلُّ اللَّهُ
الظَّالِمِينَ ۚ وَيَفْعَلُ اللَّهُ مَا يَشَاءُ ﴿٢٨﴾

നീ കണ്ടില്ലേ? അല്ലാഹു ഒരു ഉപമ എങ്ങനെ വിവരിച്ചിരിക്കുന്നുവെന്ന്. അതായത് പൂർണ്ണമായ മതത്തിന്റെ ഉപമ. പരിശുദ്ധവചനം പരിശുദ്ധമരം പോലെയാണ്. അതിന്റെ അടിവേര് ഉറച്ചുനില്ക്കുന്നതും അതിന്റെ ശാഖകൾ ആകാശത്തിലുമാണ്. അത് എല്ലായ്പ്പോഴും അതിന്റെ ഫലങ്ങൾ അതിന്റെ രക്ഷിതാവിന്റെ കല്പനയാൽ നല്കിക്കൊണ്ടിരിക്കുന്നു. മനുഷ്യൻ അവയെ ഹൃദിസ്ഥമാക്കുന്നതിനും ഉപദേശം കൈക്കൊള്ളുന്നതിനുമായി അല്ലാഹു ഈ ഉപമകൾ വിവരിക്കുന്നു.

ചീത്തവചനത്തിന്റെ ഉപമ ചീത്തവൃക്ഷം പോലെയാണ്. ഭൂമിയുടെ ഉപരിതലത്തിൽനിന്ന് അത് പിഴുതിടപ്പെട്ടിരിക്കുന്നു. അതിന് യാതൊരു അടിയുറപ്പുമില്ല. ഐഹികജീവിതത്തിലും പരലോകത്തിലും വിശ്വസിച്ചവരെ നിലനില്ക്കുന്ന വചനംകൊണ്ട് അല്ലാഹു ഉറപ്പിച്ചുനിറുത്തുന്നതാണ്. അക്രമികളെ അല്ലാഹു വഴിപിഴപ്പിക്കാൻ വിടുകയും ചെയ്യുന്നു. അതായത്, അക്രമി സന്മാർഗ്ഗം ചോദിക്കാത്തിടത്തോളം അല്ലാഹുവിൽനിന്ന് സന്മാർഗ്ഗത്തിന്റെ സഹായം പ്രാപിക്കുകയില്ല.... (അക്രമി സ്വയം പരിശ്രമിക്കാത്തിടത്തോളം സന്മാർഗ്ഗം ലഭിക്കുകയില്ല) ദൈവികഗ്രന്ഥം സ്വയം കല്പിക്കുന്ന അർത്ഥമാണ് ഏത് വചനത്തിനും നാം നല്കേണ്ടത്. (മറ്റു വചനങ്ങൾക്കനുസൃതമായിട്ടായിരിക്കണം ഏതു വചനത്തിനും അർത്ഥം പറയേണ്ടത്). ദൈവികഗ്രന്ഥത്തിന്റെ വ്യാഖ്യാനം മറ്റു വ്യാഖ്യാനങ്ങളെക്കാൾ പ്രഥമമാണ്. അല്ലാഹു ഈ വചനങ്ങളിൽ പരിശുദ്ധവും പവിത്രവുമായ ഗ്രന്ഥത്തിന്റെ ശ്രേഷ്ഠത മൂന്നു കാര്യങ്ങളിൽ നിലകൊള്ളുന്നതായി പറയുന്നു. ഒന്നാമത്തേത് ***അസ്‌ലുഹാ ഥാബിത്തുൻ*** അതിന്റെ വിശ്വാസപരമായ അടിസ്ഥാനകാര്യങ്ങൾ തെളിയിക്കപ്പെട്ടതും പൂർണ്ണമായും ശരിയായതുമായിരിക്കണം. അതിന്റെ നിർവചനത്തിന്റെ അടിസ്ഥാനത്തിൽ പൂർണ്ണമായ ദൃഢവിശ്വാസത്തിന്റെ നിലയിൽ എത്തിയതായിരിക്കണം. മാനുഷികമായ പ്രകൃതി അതിനെ സ്വീകരിക്കണം. കാരണം ഇവിടെ 'അർള്' എന്ന പദം കൊണ്ട് ഉദ്ദേശിച്ചത് മനുഷ്യപ്രകൃതിയാണ്. ***മിൻഫൗഖിൽഅർളി*** എന്ന പദം വ്യക്തമായും പറഞ്ഞുകൊണ്ടിരിക്കുന്നതു പോലെ...... ചുരുക്കിപ്പറഞ്ഞാൽ വിശ്വാസപരമായ അടിസ്ഥാനകാര്യങ്ങൾ സ്ഥാപിതമായിട്ടുള്ളതും മനുഷ്യപ്രകൃതിയ്ക്കനുസരിച്ചുള്ളതുമായിരിക്കും. പൂർത്തീകരണത്തിന്റെ രണ്ടാമത്തെ അടയാളം പറഞ്ഞത് ***ഫർഉഹാ ഫിസ്സമാഇ*** എന്നാണ്. അതായത് അതിന്റെ ശാഖകൾ ആകാശത്തിലാണ്. ഇതിന്റെ ഉദ്ദേശ്യം ആകാശത്തിലേക്ക് ദൃഷ്ടിയുയർത്തി നോക്കുന്നവർ, അതായത് പ്രകൃതി നിയമത്തിന്റെ ഏടുകളെ ചിന്താദൃഷ്ടിയോടെ വായിക്കുന്നവർക്ക് അതിന്റെ യാഥാർത്ഥ്യം തുറക്കപ്പെടുന്നതാണ്. രണ്ടാമത്തേത് ആ അധ്യാപനം അതായത്, ഈ അധ്യാപനത്തിന്റെ ശാഖകൾ, ഉദാഹരണത്തിന് കർമ്മങ്ങളുടെ വിവരണം കല്പനകളുടെ വിവരണം ധാർമ്മികതയുടെ വിവരണം തുടങ്ങിയവ പരിപൂർണ്ണ നിലയിൽ എത്തിയിട്ടുള്ളതാവണം. അതിനേക്കാൾ കൂടുതൽ മറ്റൊന്ന് സങ്കല്പത്തിലുണ്ടാകാൻ പാടില്ല. ഒരു വസ്തു ഭൂമിയിൽനിന്നു തുടങ്ങി ആകാശം വരെ എത്തുന്നതുപോലെ. അതിനേക്കാൾ വലിയ മറ്റൊരു സങ്കല്പമില്ല.

പൂർത്തീകരണത്തിന്റെ മൂന്നാമത്തെ അടയാളം ***തുഅ്തീ ഉകുലഹാകുല്ലഹീനിൻ*** എന്നാണ്. എല്ലാ സമയത്തും എന്നെന്നേക്കുമായി അത് അതിന്റെ ഫലങ്ങൾ നല്കിക്കൊണ്ടിരിക്കണം. ഒരിക്കലും പൂവും കായുമില്ലാത്ത ഉണക്കമരം പോലെ ആകാൻ പാടില്ല. സാഹിബുമാരേ! ഇനി നോക്കിക്കൊള്ളുക, ***അല്ലാഹുതആല അൽയൗമ അക്മൽതു ലക്കും*** എന്ന് പറഞ്ഞതിന് അവൻതന്നെ വിശദീകരണവും നല്കി. അതായത്, അതിൽ മൂന്നടയാളങ്ങൾ ഉണ്ടാവേണ്ടത് അത്യന്താപേക്ഷിതമാണ്. അതിനാൽ, അവൻ മൂന്ന് അടയാളങ്ങൾ വിവരിച്ചതുപ്രകാരം തന്നെ അവ സ്ഥാപിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. വിശ്വാസപരമായ അടിസ്ഥാന കാര്യമാണ് ആദ്യത്തെ അടയാളം. ഇതുകൊണ്ടുള്ള ഉദ്ദേശ്യം ***ലാ ഇലാഹ ഇല്ലല്ലാഹ്*** ആകുന്നു. ഇതിനെ എത്രത്തോളം വിശാലമായിട്ട് വിശുദ്ധഖുർആനിൽ പ്രതിപാദിച്ചിരിക്കുന്നുവെന്നാൽ, ആ തെളിവുകളെല്ലാം ഞാനെടുത്തു എഴുതുകയാണെങ്കിൽ അത് ഇവിടെയൊന്നും അവസാനിക്കുകയില്ല.

രണ്ടാമത്തെ അടയാളം അതായത്, ***ഫർഉഹാ ഫിസ്സമാഇ*** ഇതിന്റെ അർത്ഥം ആകാശംവരെ അതിന്റെ ശാഖകൾ എത്തിയിരിക്കുന്നുവെന്നാണ്. ആകാശത്തിൽ ദൃഷ്ടി പായിക്കുന്നവർ അതായത് പ്രപഞ്ചനിയമത്തെ നോക്കുന്നവർക്ക് അത് കാണാൻ കഴിയണം. അപ്രകാരംതന്നെ അത് പരമമായ നിലയിലുള്ള അധ്യാപനമായി സ്ഥാപിതമാകുകയും വേണം. ഇതിനുള്ള തെളിവിന്റെ ഒരു ഭാഗം മുകളിൽ പ്രസ്താവിതമായ വചനത്തിൽനിന്നു ലഭിക്കുന്നുണ്ട്. ഉദാഹരണത്തിന് പ്രതാപവാനായ അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞു ***അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ അർറഹ്മാനിർറഹീം മാലിക്കിയൗമിദ്ദീൻ*** ഇതിന്റെ അർത്ഥമിങ്ങനെയാണ്: 'പ്രതാപവാനായ അല്ലാഹു സകല ലോകത്തിന്റേയും രക്ഷിതാവാണ്. അതായത് എല്ലാ പരിരക്ഷയുടേയും മൂലകാരണം അവനാണ്. രണ്ടാമതായി അവൻ പരമകാരുണികനുമാണ്. അതായത്, ഒരു കർമ്മത്തിന്റെയും ആവശ്യമില്ലാതെ തന്നിൽനിന്ന് പലവിധമുള്ള അനഗ്രഹങ്ങൾ തന്റെ സൃഷ്ടികൾക്ക് നല്കുന്നു. അവൻ റഹീം അഥവാ കരുണാമയനുമാണ്. സൽക്കർമ്മികളെ സഹായിക്കുന്നവനാണ്. അവരുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ പൂർണ്ണതയിലെത്തിക്കുന്നവനാണ്. വിധിനാളിന്റെ അധികാരിയുമാണവൻ. എല്ലാ രക്ഷാശി

ക്ഷയും അവന്റെ കൈയിലാണ്. അവനിച്ഛിക്കുന്നതു പോലെ അവന്റെ ദാസരോട് പെരുമാറുന്നതാണ്.' അതായത്, ദുഷ്ക്കർമ്മത്തിനു പകരം തത്തുല്യമായ നിലയിൽ ശിക്ഷ കൊടുക്കുക. അല്ലെങ്കിൽ അവന് പൊറുത്തു കൊടുക്കുക. ഈ എല്ലാ കാര്യങ്ങളും പ്രതാപവാനായ അല്ലാഹുവിന്റെ ഈ വ്യവസ്ഥിതിയെ നോക്കുമ്പോൾ വ്യക്തമായും സ്ഥാപിതമാകുന്നതാണ്.

മൂന്നാമത്തെ അടയാളമായി അല്ലാഹു പറഞ്ഞത് ***തുഅ്തി ഉകുലഹാകുല്ലഹീനിൻ*** എന്നാണ്. അതായത്, പരിപൂർണ്ണ ഗ്രന്ഥമാണെന്നതിനുള്ള മറ്റൊരു അടയാളം, അത് വാഗ്ദാനം ചെയ്യുന്ന ഫലം, വാഗ്ദാനം മാത്രമായിപ്പോവുകയില്ല. പ്രത്യുത, ആ ഫലം എപ്പോഴും ഏതുനേരവും നല്കിക്കൊണ്ടിരിക്കും. ഫലം കൊണ്ടുള്ള ഉദ്ദേശ്യം പ്രതാപവാനായ അല്ലാഹു തന്റെ കൂടിക്കാഴ്ച അതിന്റെ എല്ലാ നിർബന്ധകാര്യങ്ങളോടും കൂടി– അത് ദൈവികമായ അനുഗ്രഹങ്ങളും ദൈവികമായ ഭാഷണങ്ങളും എല്ലാതരത്തിലുള്ള സ്വീകാരങ്ങളും ദിവ്യദൃഷ്ടാന്തങ്ങളുമാണ്– വെച്ചിരിക്കുന്നു. (അല്ലാഹുവിനെ കാണാനുള്ള കാര്യങ്ങളാണ് ഫലം കൊണ്ടുദ്ദേശിക്കുന്നത്. ദുആ സ്വീകാര്യതയും ആകാശത്തുനിന്നിറങ്ങുന്ന അനുഗ്രഹങ്ങളും തന്റെ നല്ലവരായ ആളുകളോട് സംസാരിക്കുന്നതുമെല്ലാം അതിനായി വെച്ചിരിക്കുന്നു) അവൻതന്നെ പറയുന്നു: ***ഇന്നല്ലദീന ഖാലൂ റബ്ബുനല്ലാഹു ഥുമ്മസ്തഖാമൂ തത്ത്നസ്സലു അലയ്ഹിമുൽ മലായിക്കത്തു അല്ലാ തഖാഫൂ വലാ തഹ്സനൂ വ അബ്ശിറൂ ബിൽജന്നത്തില്ലത്തീ കുൻതും തൂഅദുൻ. നഹ്നു ഔലിയാഉക്കും ഫിൽ ഹയാത്തിദ്ദുൻയാ വഫിൽആഖിറത്തി വലക്കും ഫീഹാ മാ തശ്ത്തഹീ അൻഫുസുക്കും വലക്കും ഫീഹാ മ തദ്ദഊൻ നുസുലൻമ്മിൻ ഗഫൂരിൻ റഹീം*** (32:31–33).

അല്ലാഹു തങ്ങളുടെ രക്ഷിതാവാണെന്ന് പറയുകയും പിന്നീടതിൽ അടിയുറച്ചുനില്ക്കുകയും ചെയ്യുന്നവർ, അതായത് സ്വന്തം കാര്യത്തിൽനിന്ന് പിന്മാറി പോകാത്തവരും പലവിധത്തിലുള്ള പരീക്ഷണങ്ങൾ വരുമ്പോൾ ഉറച്ചുനില്ക്കുന്ന അവസ്ഥ കൈവിട്ടുകളയാത്തവരും. അവരുടെമേൽ മലക്കുകൾ, 'നിങ്ങൾ ഭയപ്പെടേണ്ട വിഷമിക്കുകയും വേണ്ട നിങ്ങളോടു വാഗ്ദാനം ചെയ്തിട്ടുള്ള സ്വർഗ്ഗത്തിൽ സന്തോഷിക്കുക' എന്നു പറഞ്ഞുകൊണ്ട് ഇറങ്ങുന്നു. അതായത് ഇപ്പോൾ ആ സ്വർഗ്ഗം നിങ്ങൾക്ക് കിട്ടിക്കഴിഞ്ഞിരിക്കുന്നു. സ്വർഗ്ഗീയ ജീവിതം ഇപ്പോൾ ആരംഭിച്ചുകഴിഞ്ഞു. എങ്ങനെയാണ് അത് ആരംഭിച്ചത്! ***നഹ്നു ഔലിയാഉക്കും*** അതെങ്ങനെയാണെന്നുവെച്ചാൽ, ഈ ലോകത്തും പരലോകത്തും ഞങ്ങൾ നിങ്ങളുടെ സംരക്ഷകരും നിങ്ങൾക്കുവേണ്ടി ജാമ്യം നില്ക്കുന്നവരും ആയിക്കഴിഞ്ഞിരിക്കുന്നു. ഈ സ്വർഗ്ഗീയജീവിതത്തിൽ നിങ്ങൾ എന്തൊന്ന് ചോദിക്കുന്നുവോ അതവിടെ ഉണ്ട്. ഇത് പൊറുക്കുന്നവനും കരുണാമയനുമായവനിൽനിന്നുള്ള അതിഥി സൽക്കാരമാണ്. 'അതിഥിസൽക്കാരം' എന്ന പദം സൂചിപ്പിക്കുന്നത് ആയത്തിൽ പറയപ്പെട്ട ***തുഅതീ ഉക്കുലഹാ കുല്ലഹീനിൻ*** എന്നതാണ്. ***ഫർഉഹാ ഫിസ്സമാഇ***യെ സംബന്ധിച്ച് പറഞ്ഞപ്പോൾ ഒരു കാര്യം വിട്ടുപോയി. ഈ അധ്യാപനത്തിന്റെ പൂർത്തീകരണം മറ്റുള്ളതിനെ അപേക്ഷിച്ച് ഏറ്റവും ഉന്നതമായ നിലയിലാകാൻ കാരണമെന്താണ്. അതിങ്ങനെ വിശദീകരിക്കാം. വിശുദ്ധഖുർആനു മുമ്പേ വന്നിട്ടുള്ള അധ്യാപനങ്ങളെല്ലാം വാസ്തവത്തിൽ ഒരു പ്രത്യേക ജനതയ്ക്കോ പ്രത്യേക കാലത്തേക്കോ വേണ്ടിയായിരുന്നു. ഉദാഹരണമെന്നോണം പറയപ്പെടുന്നു: ഹദ്റത്ത് മൂസായുടെ അധ്യാപനത്തിൽ ഏറ്റവും അധികം ശക്തിചെലുത്തിയിട്ടുള്ളത് ശിക്ഷ കൊടുക്കലും പ്രതിക്രിയ ചെയ്യലുമാണ്. പല്ലിനുപകരം പല്ല് കണ്ണിനു പകരം കണ്ണ് തുടങ്ങിയ വാക്യങ്ങളിൽനിന്ന് അത് മനസ്സിലാകുന്നുണ്ട്. ഹദ്റത്ത് യേശുവിന്റെ അധ്യാപനത്തിൽ വലിയ ശക്തി ചെലുത്തിയിട്ടുള്ളത് വിട്ടുവീഴ്ച ചെയ്യലിനും മാപ്പു കൊടുക്കലിനുമാണ്. ഈ രണ്ട് അധ്യാപനങ്ങളും ന്യൂനമാണെന്ന് വ്യക്തമാകുന്നു. എപ്പോഴും പ്രതിക്രിയയിലൂടെയുള്ള പ്രവർത്തനം നടക്കുകയില്ല. എപ്പോഴും മാപ്പുകൊടുക്കലും പ്രയോജനം ചെയ്യില്ല. മറിച്ച്, ഓരോ സാഹചര്യവും സന്ദർഭവും നോക്കി മാപ്പു കൊടുക്കുകയോ ശിക്ഷ നല്കുകയോ ചെയ്യേണ്ടതായിവരും. അല്ലാഹു പറഞ്ഞതുപോലെ ***ജസാഉ സയ്യിഅത്തിൻ സയ്യിഅത്തുൻമ്മിഥ്ലുഹാ ഫമൻ അഫാ വ അസ്‌ലഹ ഫ അജ്റുഹൂ അലല്ലാഹ്.*** അതായത്, യാഥാർത്ഥ്യമെന്താണെന്നുവെച്ചാൽ, തിന്മയ്ക്കു പകരം തത്തുല്യമായ തിന്മയാണ്. എന്നാൽ ആരെങ്കിലും മാപ്പാക്കുകയാണെങ്കിൽ, മാപ്പുകൊണ്ടുള്ള ഉദ്ദേശ്യം നന്നാക്കുകയും, കുഴപ്പമുണ്ടാകാതിരിക്കുകയുമാണെങ്കിൽ– അതായത് മാപ്പ് കൊടുക്കൽ അസ്ഥാനത്താകരുത്– അതിന്റെ പ്രതിഫലം അല്ലാഹുവിലുണ്ട്. അതായത്, ഇത് വളരെ നല്ല രീതിയാണ്.

(മാപ്പ് കൊടുക്കുന്നതുകൊണ്ട് ഫസാദ് ഉണ്ടാകും എന്നതിന്റെ ഉദ്ദേശ്യം, അരക്കള്ളന് മാപ്പുകൊടുത്തു വിട്ടാൽ അവൻ വീണ്ടും മോഷണം നടത്തുകയും മറ്റുള്ളവർക്ക് നഷ്ടം വരുത്തുകയും ചെയ്യും. അങ്ങനെ കൂടുതൽ പാപം പരക്കാൻ സാധ്യതയുണ്ട്. അതിനാൽ, അത്തരം മാപ്പുകൊടുക്കൽ ഫസാദിൽപെടുന്നു)

മാപ്പു കൊടുക്കേണ്ടിടത്ത് കൊടുക്കാനും ശിക്ഷിക്കേണ്ടിടത്ത് ശിക്ഷിക്കാനുമുള്ള അധ്യാപനത്തേക്കാൾ നല്ലത് മറ്റെന്താണ്? പിന്നീട് പറഞ്ഞു: ***ഇന്നല്ലാഹ യഅ്മുറുബിൽഅദ്ലി വൽഇഹ്സാനി വ ഈത്താഇ ദിൽഖുർബാ*** നിങ്ങൾ നീതിപുലർത്തുന്നതിനും നീതിയെക്കാളുപരി, നീതിയോടെയുള്ള കൃപാദൃഷ്ടി നിലനി

ല്ക്കെത്തന്നെ മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതിനും നന്മയെക്കാളുപരി നിങ്ങളുടെ പ്രിയപ്പെട്ടവരും അടുത്തബന്ധുക്കളും എന്നതുപോലെ അന്യരോട് പെരുമാറാനും അല്ലാഹു കല്പിക്കുന്നു. ഇനി ചിന്തിക്കേണ്ടതാണ്. അതായത്, ഘട്ടങ്ങൾ മൂന്നുതന്നെയാണ്. ഒന്നാമതായി മനുഷ്യൻ നീതി പുലർത്തുന്നു. അതായത് സത്യത്തിന് പകരം സത്യത്തിനുവേണ്ടി അപേക്ഷിക്കുന്നു. പിന്നീട് അതിനേക്കാൾ ഉയർന്നാൽ നന്മയുടെ ഘട്ടമാണ്. അതിനേക്കാൾ ഉയർന്നാൽ നന്മയെയും അവഗണിച്ചുകൊണ്ട് സ്നേഹത്തോടെ മാതാവ് കുട്ടിയോട് സഹതാപം കാണിക്കുന്നതുപോലെ, ജനങ്ങളോട് സഹതാപം കാണിക്കുന്നു. അതായത്, സ്വാഭാവികമായ ആവേശത്താൽ സഹതാപം കാണിക്കുന്നു; നന്മ ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയല്ല.....

ഇത്തരം പരിപൂർണ്ണമായ ഗ്രന്ഥത്തിനുശേഷം മറ്റേത് ഗ്രന്ഥത്തെയാണ് ഇവർ പ്രതീക്ഷിച്ചിരിക്കുന്നത്. മനുഷ്യന്റെ പരിഷ്കരണസംബന്ധമായ എല്ലാ ജോലികളും അത് സ്വയം ഏറ്റെടുത്തിരിക്കുകയാണ്. മുമ്പേയുള്ള ഗ്രന്ഥങ്ങളെപ്പോലെ ഒരു ജനതയുമായി മാത്രം അത് ബന്ധം സ്ഥാപിച്ചിട്ടില്ല. മറിച്ച്, എല്ലാ ജനവിഭാഗങ്ങളുടേയും പരിഷ്കരണം അതാഗ്രഹിച്ചു. മാനുഷികമായ പരിപാലനത്തിന്റെ എല്ലാ ഘട്ടങ്ങളും വിവരിച്ചു. മൃഗതുല്യരായിരുന്നവർക്ക് മനുഷ്യത്വത്തിന്റെ മര്യാദ എന്തെന്ന് പഠിപ്പിച്ചു. മനുഷ്യപരമായ ശ്രമം ഉണ്ടാക്കിയതിനുശേഷം ധാർമ്മികമായ ഗുണങ്ങൾ പഠിപ്പിച്ചു. ശാരീരികാവസ്ഥയും ധാർമ്മിക ഗുണങ്ങളും തമ്മിലുള്ള വ്യത്യാസം കാണിച്ചുകൊണ്ട് ഖുർആൻ തന്നെയാണ് ലോകത്തിനുമേൽ ഔദാര്യം ചെയ്തത്. ശാരീരികാവസ്ഥ (ജന്മസിദ്ധമായുള്ള അവസ്ഥ)കളിൽനിന്ന് എടുത്ത് ധാർമ്മികഗുണത്തിന്റെ ഉന്നതമായ സ്ഥലംവരെ എത്തിച്ചപ്പോൾ, അവിടംകൊണ്ട് മതിയാക്കാതെ ബാക്കിയുണ്ടായിരുന്ന സ്ഥാനത്ത് അതായത് ആധ്യാത്മികമായ അവസ്ഥയുടെ സ്ഥാനംവരെ എത്തുന്നതിനായി പരിശുദ്ധമായ ഈശ്വരീയജ്ഞാനത്തിന്റെ വാതിലുകൾ തുറന്നുകൊടുത്തു. തുറന്നുകൊടുത്തുവെന്നു മാത്രമല്ല, ലക്ഷക്കണക്കിന് മനുഷ്യരെ അതുവരെ എത്തിക്കുകയും ചെയ്തു. ഇപ്രകാരം ഞാൻ ആദ്യമെ പറഞ്ഞുകഴിഞ്ഞ ആ മൂന്നുതരത്തിലുള്ള പാഠവും അങ്ങേയറ്റം വിശേഷതരമായി വിവരിച്ചു.

വിശുദ്ധഖുർആൻ മതപരമായ ആവശ്യങ്ങൾക്കുള്ള എല്ലാ അധ്യാപനങ്ങളും പൂർണ്ണമായ നിലയിൽ അടങ്ങിയതാണ്. അതുകൊണ്ടാണ് അവൻ 'ഞാൻ തന്നെയാണ് മതപരമായ അധ്യാപനത്തിന്റെ വൃത്തത്തെ പൂർണ്ണദശയിലെത്തിച്ചു' എന്ന് വാദിച്ചത്. അവൻ പറയുന്നു: ***അൽയൗമ അക്മൽതു ലക്കും ദീനക്കും വ അത്മംതു അലയ്ക്കും നിഅ്മത്തീ വ റളീത്തു ലക്കുമുൽ ഇസ്ലാമാ ദീനാ*** അതായത് ഇന്നേദിവസം ഞാൻ നിങ്ങളുടെ മതത്തെ പൂർത്തിയാക്കിയിരിക്കുന്നു. എന്റെ അനുഗ്രഹങ്ങളും നിങ്ങളിൽ പൂർത്തിയാക്കിത്തന്നിരിക്കുന്നു. നിങ്ങളുടെ ദീൻ ഇസ്ലാമാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഞാൻ സന്തോഷിച്ചിരിക്കുന്നു. അതായത്, മതത്തിന്റെ പരമമായ സ്ഥാനം, ഇസ്ലാം എന്ന പദത്തിന്റെ ഉൾസാരത്തിൽ അടങ്ങിയിരിക്കുന്നു. അതായത്, അല്ലാഹുവിനുവേണ്ടി മാത്രം ആയിത്തീരുക. സ്വന്തം മോക്ഷം സ്വന്തം ബലികൊണ്ട് ആഗ്രഹിക്കുക. മറ്റു വഴിയിലൂടെയല്ല. (സ്വന്തം മോക്ഷം സ്വന്തം ബലിയിലൂടെ വേണം ആഗ്രഹിക്കേണ്ടത്.) ഈ ഉദ്ദേശ്യത്തെയും ഈ തീരുമാനത്തെയും പ്രാവർത്തികമായ നിലയിൽ മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുക. ഇതാണ് എല്ലാ പരിപൂർണ്ണതകളും ചെന്നെത്തി അവസാനിക്കുന്ന ആ മർമ്മപ്രധാനമായ കാര്യം."

ഈ മനോഹരമായ പാഠമാണ് വിശുദ്ധഖുർആൻ നമുക്ക് നല്കിയിരിക്കുന്നത്. ഈ അധ്യാപനം ആ മഹാനായ പ്രവാചകനിൽ ഇറങ്ങുകയും ആ മഹാത്മാവ് നമുക്കെത്തിച്ചുതരികയും ചെയ്തു. ഇതിനെ നേരിടാൻ മുൻഗ്രന്ഥങ്ങൾക്ക് സാധ്യമല്ല. ഇപ്പോൾ നിലവിലുള്ള ഗ്രന്ഥങ്ങൾക്കും സാധ്യമല്ല. ഇത്തരമൊരു ഗ്രന്ഥം ഉണ്ടായിട്ടില്ല. ഇനിയൊട്ടുണ്ടാവുകയുമില്ല. ഈ ഗ്രന്ഥത്തിന്റെ പാഠങ്ങൾ മനസ്സിലാക്കാനും ജീവിതത്തിൽ നടപ്പാക്കാനും പ്രചരിപ്പിക്കാനും അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 11.1.2008 at Baithul Futuh, London.

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala